**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5519** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ. സി. മൊയ്തീൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കോളനികളിലെ ജീവിതനിലവാരം മെച്ചപ്പെടുത്താനും ഭൗതിക സാഹചര്യങ്ങളൊരുക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും അടിസ്ഥാന വിവര ശേഖരണം പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനവും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംയുക്തമായി നടത്തിയിരുന്നു. ടി സർവ്വെയിലെ അടിസ്ഥാന വിവരങ്ങൾ നിലവിൽ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ഇതിനായി പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുന്ന തിനായി പട്ടികജാതി വികസന വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സർവ്വെക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർവ്വെയുടെ ഭാഗമായി Software Requirement Specification (SRS), Android and Web Application Sample Screen, Hosting of Android & Web Application, സർവ്വെക്കുള്ള Domain Registration, Pilot Survey, ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം എന്നിവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വെ നടപടികളും ഡാറ്റാ അപഗ്രഥനവും പൂർത്തീകരിച്ചതിനു ശേഷം പട്ടികജാതി കോളനികളിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി എന്ന പേരിൽ നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | നിലവിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2009-10 സാമ്പത്തിക വർഷം പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടെയും അടിസ്ഥാന വിവര ശേഖരണം പട്ടികജാതി വികസന വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനവും, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും |

| | | | |
|---|---|---|---|
| | | | സംയുക്തമായി നടത്തിയിരുന്നു. ടി സർവ്വെയിലെ അടിസ്ഥാന വിവരങ്ങൾ നിലവിൽ കാലോചിതമായി പുതുക്കേണ്ടതുണ്ട്. ഇതിനായി പട്ടികജാതി കുടുംബങ്ങളുടെയും സങ്കേതങ്ങളുടേയും വിവരങ്ങൾ ശേഖരിക്കുന്ന തിനായി പട്ടികജാതി വികസന വകുപ്പ് ഒരു സമഗ്ര ഡിജിറ്റൽ സർവ്വെക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സർവ്വെയുടെ ഭാഗമായി Software Requirement Specification (SRS), Android and Web Application Sample Screen, Hosting of Android & Web Application, സർവ്വെക്കുള്ള Domain Registration, Pilot Survey, ജില്ലാതല ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം എന്നിവ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വെ നടപടികളും ഡാറ്റാ അപഗ്രഥനവും പൂർത്തീകരിച്ചതിനു ശേഷം പട്ടികജാതി കോളനികളിലെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി എന്ന പേരിൽ നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ